പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മുസ്ലീം വിഭാഗങ്ങൾ എന്നിവരുടെ തരംതിരിച്ചുള്ള വിവരം അനുബന്ധമായി കൊടുക്കുന്നു.†

(സി) ഉയർന്ന ബിരുദം, സാങ്കേതിക വൈദഗ്ദ്ധ്യം എന്നിവ മാനദണ്ഡമാക്കി നടക്കുന്ന കരാർ അടിസ്ഥാനത്തിലെ നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

വ്യാവസായിക രംഗത്ത് വനിതകളുടെ മുന്നേറ്റം

39 [3047] ശ്രീ. എൻ. ശക്തൻ:

,, വി. ഡി. സതീശൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, സി. പി. മുഹമ്മദ്:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക രംഗത്ത് വനിതകളുടെ മുന്നേറ്റത്തിന് സഹായകരമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളുടെ നായകത്വം വഹിക്കുന്ന എത്ര വനിതകളുണ്ട്;

(സി) വൻകിട വ്യവസായങ്ങളുടെ കാര്യത്തിൽ നായകത്വം വഹിക്കുന്ന എത്ര വനിതകളുണ്ട്;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തു എത്ര വനിതകളുണ്ട്;

(ഇ) ഇവയുടെ തലവൻമാരായി വനിതകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതാവ്യവസായ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. സർക്കാർ വകുപ്പുകൾക്കും സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങൾക്കും ആവശ്യമായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള ടെണ്ടർ പരിഗണിക്കുമ്പോൾ 15% പ്രൈസ് പ്രിഫറൻസ് നൽകുന്നു. ടെണ്ടറുകൾ സമർപ്പിക്കുന്നതിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു. വ്യവസായ സ്ഥാപനങ്ങൾക്ക് പൊതുവായ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എക്സിബിഷൻ/വിപണനമേള എന്നിവയിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. വനിതാ വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മാത്രമായി വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് സഹായം നൽകി വരുന്നു. സിഡ്കോയുടെ പ്രദർശന ശാലകളിൽ വനിതാ വ്യവസായികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് അവസരം നൽകുന്നു. വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായ വകുപ്പ്, സിഡ്കോ, സെൻറർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, സ്റ്റെഡ്, കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകൾ എന്നിവ വഴിയും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്കുവേണ്ടിയും പരിശീലനപരിപാടികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ നിക്ഷേപപദ്ധതി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന 10% സബ്സിഡിക്കു പുറമേ 5% അധിക സബ്സിഡി (പരമാവധി 1 ലക്ഷം രൂപ) കൂടി നൽകുന്നു.

(ബി) സംസ്ഥാനത്ത് വനിതാ നായകത്വം വഹിക്കുന്ന 49101 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) കേരളത്തിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് വനിതകൾ ഒന്നുംതന്നെയില്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

റബ്ബർ പാർക്ക്

40 [3048] ശ്രീ. ജോർജ്ജ് ജെ. മാത്യു:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ പാർക്ക് പ്രവർത്തനം ആരംഭിച്ചുവോ;

(ബി) ഇവിടെ എത്ര യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സൗകര്യം ഉണ്ട്;

(സി) ഇപ്പോൾ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) എത്ര യൂണിറ്റുകൾക്ക് സ്ഥലം നൽകി കഴിഞ്ഞു;

(ഇ) പ്രസ്തുത യൂണിറ്റുകൾ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റബ്ബർ പാർക്ക് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ബി) ഇവിടെ ഏതാണ്ട് 60 വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട്.

(സി) ഒരു യൂണിറ്റിന്റെ ഉത്പാദനം ആരംഭിച്ചു കഴിഞ്ഞു. രണ്ടാമത്തെ യൂണിറ്റ് ഓഗസ്റ്റ് മാസത്തിലും, മൂന്നാമത്തെ യൂണിറ്റ് ഒക്ടോബർ മാസത്തിലും ഉൽപാദനക്ഷമമാകും.

LIBRARY ARCHIVES Kerala Legislative Assembly